# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4270 24.10.2016-ൽ മറുപടിക്ക്

## ഹോണറേറിയം

**ചോദ്യം** — **മറുപടി**

**ശ്രീ.ടി. വി. ഇബ്രാഹിം**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർ.എൻ.റ്റി.സി.പി. (RNTCP -Revised National Tuberculosis Control Programme)യുടെ ഭാഗമായി മരുന്ന് നൽകുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള ഹോണറേറിയം എത്രയെന്ന് അറിയിക്കാമോ; | (എ) | ആർ.എൻ.റ്റി.സി.പി. (RNTCP -Revised National Tuberculosis Control Programme) യുടെ ഭാഗമായി മരുന്ന് നൽകുന്നവർക്ക് 01-04-2014 മുതൽ നിശ്ചയിച്ചിട്ടുള്ള ഹോണറേറിയം<br><br>CAT I രോഗികൾക്ക്<br>(പുതിയക്ഷയരോഗികൾ) - 1000 രൂപ<br><br>CAT II രോഗികൾക്ക്<br>(പുനർ ചികിത്സ എടുക്കുന്നവർ) - 1500 രൂപ<br><br>M/XDR TB IP രോഗികൾക്ക് - 2000 രൂപ<br>(മൾട്ടി ഡ്രഗ് റെസിസ്റ്റന്റ് / എസ്റ്റസീവിലി ഡ്രഗ് റെസിസ്റ്റന്റ് രോഗികൾ -ഇന്റൻസീവ് ഫേയ്സ്)<br><br>M/XDR TB CP രോഗികൾക്ക് - 3000 രൂപ<br>(മൾട്ടി ഡ്രഗ് റെസിസ്റ്റന്റ് / എസ്റ്റസീവിലി ഡ്രഗ് റെസിസ്റ്റന്റ് രോഗികൾ - കണ്ടിന്യേഷൻ ഫേയ്സ്) |
| (ബി) | മലപ്പുറം ജില്ലയിൽ 2014, 2015 വർഷങ്ങളിൽ ഈ പദ്ധതിയുടെ ഭാഗമായി എത്രപേർക്കാണ് മരുന്ന്നല്കിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ ഈ പദ്ധതിയുടെ ഭാഗമായി 2014 വർഷത്തിൽ 2177 രോഗികൾക്കും 2015 വർഷത്തിൽ 2221 രോഗികൾക്കും മരുന്ന് നൽകിയിട്ടുണ്ട്. |
| (സി) | ഇവർക്ക് ഹോണറേറിയം നൽകുന്നതിന് വേണ്ടി ലഭിച്ച അലോട്ട്മെന്റിന്റെ വിവരങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (സി) | മലപ്പുറം ജില്ലയ്ക്കുള്ള ആർ.എൻ.റ്റി.സി.പി. ഹോണറേറിയം 2014 ലെ ഫണ്ട് അലോട്ട്മെന്റ് 1,40,000/- രൂപയും 2015 ലെ ഫണ്ട് അലോട്ട്മെന്റ് 3,50,000/- രൂപയുമാണ്. |
| (ഡി) | ലഭിച്ച അലോട്ട്മെന്റുകൾ ഇനിയും വിതരണം ചെയ്യാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. പുതുക്കിയ നിരക്കിലുള്ള ഹോണറേറിയം മാത്രമേ വിതരണം ചെയ്യാവൂ എന്ന ഓർഡർ ലഭിച്ചതിനാലും, ഡോട്ട് ദായകർക്കുള്ള പുതുക്കിയ ഹോണറേറിയം ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ വിതരണം ചെയ്യാവൂ എന്ന നിർദ്ദേശമുള്ളതിനാലും അക്കൗണ്ട് നമ്പർ, IFSC code തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് അവലോകനം ചെയ്യുന്ന ജോലികൾ പുരോഗമിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**